UNSTARRED QUESTIONS POSTED FOR ANSWER ON 28-3-1955

ഉപകരണങ്ങൾ.

189. [10] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിക്ക വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലും ഉപയോഗിക്കത്തക്കവിധമുള്ള കസേര, മേശ, റിക്കാർഡുകൾ സൂക്ഷിക്കത്തക്കവിധമുള്ള റാക്ക്, അലമാര മുതലായവകൾ ഉണ്ടോ ;

(ബി) ഈ വിവരങ്ങൾ ആണ്ടുതോറും നടത്താറുള്ള ജമാബന്തി ചെക്കുമെമ്മോയിൽ ജമാബന്തി ആഫീസർ സ്വന്തം കൈപ്പടയിൽ എഴുതിയിട്ടുള്ളതല്ലാതെ എന്തെങ്കിലും പരിഹാരം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ;

(ഡി) കോൺഗ്രസ് ഗവണ്മെൻറിന്റെ കാലത്തോ പി. എസ്. പി. ഗവണ്മെൻറിന്റെ കാലത്തോ മന്ത്രിമാർ ലാൻഡ് റവന്യൂവിന്റെ മൂലസ്ഥാനമായ വില്ലേജാഫീസുകളിൽ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ ഏതെല്ലാം വില്ലേജാഫീസുകൾ?

ഉത്തരം.

(എ) താലൂക്കാഫീസുകളിൽ മിക്കതും ഉണ്ട്. എന്നാൽ എല്ലാ വില്ലേജാഫീസുകളിലും ഇവയെല്ലാം വേണ്ടിടത്തോളം കാണുകയില്ല.

(ബി) ക്രമേണ പരിഹാരം ചെയ്യാം.

(സി) കുറവുകൾ ക്രമേണ പരിഹരിച്ചുവരികയാണ്.

(ഡി., ഇ.) അങ്ങനെ പരിശോധിച്ചിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

Statistics.

190. [11] **Shri V. V. Sebastian** : (a) Are the Government in possession of Statistics showing—

(i) the number of self-supporting persons

(ii) earning dependents, and

(iii) non-earning dependents in the State.

(b) if so, what is the number of each of the above categories of persons ;

(c) how many of the self-supporting are agriculturists and how many are non-agriculturists ;

(d) of the agriculturists how many are—

(i) cultivators of land wholly or mainly owned ;

(ii) cultivators of land wholly or mainly unowned ;

(iii) cultivating labourers ; and

(iv) non-cultivating owners ?

LIBRARY ARCHIVES Kerala Legislative Assembly